## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 994 6.6.2018-ൽ മറുപടിയ്ക്ക്

### ഇറച്ചിക്കോഴി വളർത്തൽ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, മഞ്ഞളാംകുഴി അലി<br>,, അബ്ദുൽ ഹമീദ് പി.<br>,, എം.ഉമ്മർ | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | ഗുണമേന്മയുള്ള കോഴിയിറച്ചിയുടെ വിപണനം വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ള കെപ്കോ-കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉണ്ട്. കെപ്കോ വഴി സംസ്ഥാനത്തെ 1000 പഞ്ചായത്തുകളിലായി 5000 യൂണിറ്റുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ വഴിയും വിപണനം വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 1000 ഇറച്ചിക്കോഴികളടങ്ങുന്ന 1000 യൂണിറ്റുകൾ ആരംഭിക്കാനാണ് കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ്, കെപ്കോ സംയുക്തമായി ഉദ്ദേശിക്കുന്നത്. |
| ബി) | കെപ്കോയുടെ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) | നടപടി സ്വീകരിച്ചു വരുന്നു. ആദ്യപടിയായി കൊല്ലം ജില്ലയിൽ കെപ്കോ വിൽപ്പന ഏജൻസികൾ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. കാസർഗോഡ് ജില്ലയിൽ ഒരു പുതിയ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിന് സ്ഥലം ലഭിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കോഴിക്കോട്, കൊല്ലം ജില്ലകളിൽ ഓരോ പുതിയ ഇറച്ചിക്കോഴി പ്രജനന കേന്ദ്രം സ്ഥാപിക്കുന്നതിന് പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | ഇറച്ചിക്കോഴി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കാമോ? | സി) | സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴികൾ കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കുടുംബശ്രീയുമായി സഹകരിച്ച് മൃഗസംരക്ഷണ വകുപ്പ് കെപ്കോ-കുടുംബശ്രീ കോഴിവളർത്തൽ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ 5000 യൂണിറ്റുകൾക്ക് രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്. അതിനുപുറമെ കോൺട്രാക്ട് ഫാമിംഗിലൂടെ |

| | | | |
|---|---|---|---|
| | | | കെപ്കോ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ കർഷകർക്ക് വിതരണം ചെയ്ത് കെപ്കോ തന്നെ വില നൽകി തിരിച്ചെടുക്കുന്ന പദ്ധതിയും നിലിവിലുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ